# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ:4579

13.11.2019-ലെ മറുപടി

### വെള്ളക്കരം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എം.ഉമ്മർ | | കെ.കൃഷ്ണൻ കുട്ടി (ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര തവണയാണ് വെള്ളക്കരം വർദ്ധിപ്പിച്ചത്; വിശദാംശം നൽകുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വെള്ളക്കരം വർദ്ധിപ്പിച്ചിട്ടില്ല . |
| (ബി) | കുടിവെള്ളചാർജിന്റെ ഗാർഹിക നിരക്ക് കണക്കാക്കുന്നതിന് നിലവിൽ സ്വീകരിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ വിശദമാക്കാമോ; | (ബി) | ഒരു വ്യക്തിക്ക് പ്രതിദിനം 100 മുതൽ 135 ലിറ്റർ വരെ ജലം ആവശ്യമുണ്ടെന്ന് കണക്കാക്കി 4 പേർ ഉള്ള ഒരു കുടുംബത്തിന് 15,000 ലിറ്റർ ശരാശരി പ്രതിമാസ ഉപഭോഗം ഉണ്ടാകും എന്ന അടിസ്ഥാനത്തിലാണ് കേരള ജല അതോറിറ്റി ഗാർഹിക ഉപഭോക്താക്കളുടെ വെള്ളക്കരം കണക്കാക്കുന്നത്. പ്രതിമാസം 15,000 ലിറ്ററിനും താഴെ ഉപഭോഗം വരുന്ന ഉപഭോക്താക്കൾക്ക് നാമമാത്രമായ വെള്ളക്കരവും ഉയർന്ന ഉപഭോഗമുള്ളവർക്ക് ആനുപാതികമായ ഉയർന്ന നിരക്കും ഈടാക്കി വരുന്നു. |
| (സി) | പ്രസ്തുത നിരക്ക് സംബന്ധിച്ച് പൊതുജനങ്ങളെ അറിയിക്കുന്നതിനായി വകുപ്പ് തലത്തിൽ സ്വീകരിച്ചിരിക്കുന്ന സംവിധാനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ? | | നിരക്കുകൾ സംബന്ധിച്ച വിവരം ഗസറ്റ് വിജ്ഞാപനം ചെയ്യും നിരക്കുകളുടെ ചാർട്ട് വെള്ളക്കരം സ്വീകരിക്കുന്ന ഓഫീസിന്റെ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിച്ചും ദൃശ്യ-ശ്രാവ്യ പത്രമാധ്യമങ്ങളിലൂടെയും ഔദ്യോഗിക വെബ് സൈറ്റിലൂടെയും പൊതുജനങ്ങളെ അറിയിക്കാറുണ്ട് . |

സെക്ഷൻ ഓഫീസർ